(എ) ഗ്രാമീണമേഖലയിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഏതെല്ലാം സ്വയംതൊഴിൽ സംരംഭത്തിനാണ് ഇവർക്ക് പരിശീലനം നൽകുന്നത്. ഇതിന് ഓരോന്നിനും എന്ത് സാമ്പത്തിക സഹായമാണ് നൽകിവരുന്നത്;

(സി) ഇവർക്ക് ബാങ്ക്ലോൺ ലഭിക്കുന്നതിന് കാലതാമസം അനുഭവപ്പെടുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ "ഗ്രാമീണ വനിതാ ശിശുവികസന പരിപാടി" തൊഴിൽ പരിശീലനത്തിനായി 'ട്രൈസം' പരിപാടി എന്നിവ കഴിഞ്ഞ വർഷംവരെ നടപ്പിലാക്കിയിരുന്നു. ഇതുകൂടാതെ ഐ.ആർ.ഡി.പി. യിലും 40% തുക സ്ത്രീകൾ ഏറ്റെടുക്കുന്ന സംരംഭങ്ങൾക്കാണ് നൽകിവരുന്നത്. 1999-2000 മുതൽ ദാരിദ്ര്യനിർമ്മാർജനത്തിനുള്ള എല്ലാ സ്വയംതൊഴിൽ പരിപാടികളും സംയോജിപ്പിച്ച് "സ്വർണ്ണജയന്തി സ്വറോസ്ഗാർ യോജന" എന്ന പരിപാടി നടപ്പിലാക്കി. ഈ പുതിയ പരിപാടിയിലും 40% സ്ത്രീ സംരംഭകർക്കാണ് നീക്കിവച്ചിട്ടുള്ളത്.

(ബി) മുഖ്യമായും തയ്യൽ, എംബ്രോയിഡറി, നെയ്ത്ത്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കാർപ്പറ്റ് നെയ്ത്ത്, ഖാദിനൂൽപ്പ്, കിടക്കനിർമ്മാണം, പനയോല-പായ നിർമ്മാണം, മുളകൊണ്ടുള്ള കുട്ടനിർമ്മാണം, അച്ചാറുണ്ടാക്കൽ, ഭക്ഷ്യസംസ്ക്കരണം, ബേക്കറി, മീൻവലനിർമ്മാണം, തേനീച്ച വളർത്തൽ, ബ്രഷ് നിർമ്മാണം, ബുക്ക്ബയന്റിംഗ്, മെഴുകുതിരിനിർമ്മാണം, തുകൽ ജോലികൾ, ചന്ദനത്തിരിനിർമ്മാണം, മൺപാത്രനിർമ്മാണം, കമ്പോസിംഗ്, പ്രിന്റിംഗ്, കൂട(കുട്ട) നിർമ്മാണം, സോപ്പ്നിർമ്മാണം, ഇലക്ട്രോണിക് എക്യൂപ്മെന്റ് റിപ്പയർ, അലങ്കാരവസ്തുക്കൾ/കളിപ്പാട്ടങ്ങൾ നിർമ്മിക്കൽ തുടങ്ങിയവയ്ക്കാണ് പരിശീലനം നൽകുന്നത്. പരിശീലനകാലത്തിനനുസരിച്ച് 200 മുതൽ 500 രൂപവരെ പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നുണ്ട്.

(സി) പരിശീലനം പൂർത്തിയാക്കുന്നവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ബാങ്ക് വായ്പ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

19 (3472) ഐ.ആർ.ഡി.പി. ഉല്പന്നങ്ങളുടെ വിപണനം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ഐ.ആർ.ഡി.പി. ഉല്പന്നങ്ങളുടെ മാർക്കറ്റിംഗിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും എന്തു തുക നൽകിയിട്ടുണ്ട്;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മാർക്കറ്റിംഗിനുവേണ്ടി ജില്ലാകേന്ദ്രങ്ങളിൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ) 1997-98 സാമ്പത്തികവർഷം 145 ലക്ഷം രൂപയും, 1998-99-ൽ 5 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ബി)&(സി) സംസ്ഥാനതലത്തിൽ കേരംസിന്റെ തിരുവനന്തപുരത്തും കൊച്ചിയിലുമുള്ള വിപണനകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും, പാലക്കാട്, എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ ജില്ലാ സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിൽ ഇവ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

20 (3473) ഗ്രാമീണോല്പന്നങ്ങളുടെ വില്പനയും ഐ.ആർ. ഡി.പി. മേളയും

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണവികസന വകുപ്പിന്റെ സഹായത്തോടെ ഉല്പാദിപ്പിക്കുന്ന സാധനങ്ങളുടെ വില്പനയിലൂടെ 1996-97, 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിലെ വിറ്റുവരവ് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓണത്തോടനുബന്ധിച്ച് നടത്തിവരാറുള്ള ഐ.ആർ.ഡി.പി. മേളകൾ മറ്റ് ആഘോഷങ്ങളിലും താലൂക്ക് അടിസ്ഥാനത്തിൽകൂടി സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഓണം വിപണനമേള (ഐ.ആർ.ഡി.പി.ട്രെയ്ഡ് ഫെയർ)യിലെ വിറ്റുവരവ് ജില്ലതിരിച്ച് താഴെ പറയുന്നു.

ജില്ല	1996	1997	1998
		(തുക ലക്ഷത്തിൽ)	
തിരുവനന്തപുപം	12.82	15.38	16.88
കൊല്ലം	8.69	7.47	9.01
പത്തനംതിട്ട	2.37	2.69	3.22
ആലപ്പുഴ	8.38	4.90	8.23
കോട്ടയം	7.04	10.54	11.41
ഇടുക്കി	4.70	3.97	3.87
എറണാകുളം	26.10	32.37	27.41
തൃശ്ശൂർ	15.23	16.89	17.03
മലപ്പുറം	8.53	9.08	10.38
പാലക്കാട്	11.69	12.90	13.54
കോഴിക്കോട്	20.60	22.77	21.42
കണ്ണൂർ	9.47	9.24	10.57
കാസർഗോഡ്	0.61	0.27	3.05
വയനാട്	1.68	1.71	2.28
ആകെ	137.91	150.18	158.30

LIBRARY ARCHIVES Kerala Legislative Assembly